**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6122** **09-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയിൽ നിലവിൽ ഇ.പി.എഫ്. പെൻഷൻ സ്കീമിൽ തുടരുന്ന പി.എ.സി.എസ്.കളിൽ, 2014-ന് ശേഷം ജോലിയിൽ പ്രവേശിച്ചവരെ പെൻഷൻ സ്കീമിൽ ഉൾപ്പെടുത്തുവാൻ ഇ.പി.എഫ്. തയ്യാറാകാത്തതിനാൽ ഒരു പെൻഷൻ സ്കീമിലും ഉൾപ്പെടാത്ത ജീവനക്കാരുണ്ട് എന്നുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സഹകരണ പെൻഷൻ പദ്ധതിയിൽ അംഗമാക്കുന്നതിനായി ഇ.പി.എഫ്. -ൽ ഉൾപ്പെട്ട പ്രാഥമിക സഹകരണ സ്ഥാപനങ്ങൾക്ക് ഇ.പി.എഫ്. -ലെ പെൻഷൻ പദ്ധതിയിൽ തുടരുന്നതിൽ നിന്നും ഇളവനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിനെ തുടർന്ന് സംസ്ഥാനത്തെ മുഴുവൻ പ്രാഥമിക സഹകരണ സ്ഥാപനങ്ങളും ഇ.പി.എഫ്.-ൽ നിന്നും മാറി സഹകരണ പെൻഷൻ പദ്ധതിയിൽ അംഗമാകേണ്ടതാണെങ്കിലും നിരവധി പ്രാഥമിക സഹകരണ സംഘങ്ങൾ ഇപ്പോഴും ഇ.പി.എഫ്.-ൽ തുടരുന്നുണ്ട്. ഇ.പി.എഫ്. പെൻഷൻ പദ്ധതിയിൽ വന്ന ഭേദഗതികളെ തുടർന്ന് ടി സംഘങ്ങളിൽ 9/2014 -ന് ശേഷം സർവീസിൽ പ്രവേശിച്ചവരെ ഇ.പി.എഫ്.-ലെ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നില്ല. സഹകരണ പെൻഷൻ പദ്ധതിയിൽ ഒരു സ്ഥാപനത്തെ മുഴുവനായി മാത്രമേ അംഗമാക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ 2014 -ന് ശേഷം സർവീസിൽ പ്രവേശിച്ച ഇ.പി.എഫ്. പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുള്ള സംഘങ്ങളിലെ ജീവനക്കാർ ഒരു പെൻഷൻ പദ്ധതിയിലും ഉൾപ്പെട്ടിട്ടില്ല. |
| (ബി) | അത്തരത്തിലുള്ള ജീവനക്കാരെ സ്വാശ്രയ പെൻഷൻ സ്കീമിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | ഒരു സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരെയും ഒന്നായി മാത്രമേ സഹകരണ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ നിലവിൽ വ്യവസ്ഥയുള്ളൂ. |

സെക്ഷൻ ഓഫീസർ